കേരള സർക്കാർ

**<u>സംഗ്രഹം</u>**

എസ്.എൽ.ആർ സേവനം – ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടു ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.ആർ.സി–സി) വകുപ്പ്**

സ.ഉ.(അച്ചടി)നം.73/2025/ധന തീയതി, തിരുവനന്തപുരം 13/06/2025

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം.68/2023/ധന, തീയതി 03.07.2023
2. സ.ഉ.(അച്ചടി) നം.38/2025 (79)/ധന, തീയതി 29.03.2025

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിനു കീഴിലുള്ള വിവിധ വകുപ്പുകളിലെ എസ്.എൽ.ആർ ജീവനക്കാരുടെ ശമ്പളം 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് ഒന്നാം പരാമർശിത ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയുടെ കാര്യത്തിൽ സർക്കാർ പിന്നീട് തീരുമാനമെടുക്കുന്നതായിരിക്കും എന്നാണ് പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിരുന്നത്. സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ രണ്ട് ഗഡു കുടിശ്ശിക അനുവദിച്ചുകൊണ്ട് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിവിധ വകുപ്പുകളിലെ എസ്.എൽ.ആർ ജീവനക്കാരുടെ പരാമർശം 1 പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയുടെ രണ്ടു ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. ടി കുടിശ്ശിക വിതരണം ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ/നടപടികൾ ബന്ധപ്പെട്ട ഡ്രോയിങ് &

ഡിസ്ബേഴ്സിംഗ് ഓഫീസർമാർ, ഓഫീസ് മേധാവികൾ, ട്രഷറി ഡയറക്ടർ, സ്പാർക്ക് പി.എം.യു മുതലായവർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാൽ**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
മത്സ്യബന്ധന തുറമുഖ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ജലവിഭവ വകുപ്പ്
ചീഫ് എഞ്ചിനീയർ ( ഐ&എ), തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്
ചീഫ് പ്രൊജക്ട് മാനേജർ, സ്പാർക്ക്-പി.എം.യു
നോഡൽ ഓഫീസർ **www.finance.kerala.gov.in**
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-3154872)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ